ഉത്തരം

(എ) കുടിവെള്ള പദ്ധതിയായി ഇടവനക്കോണം ശുദ്ധജലവിതരണ പദ്ധതി കമ്മീഷൻ ചെയ്തു. കക്കാട് വലിയകുന്ന് ശുദ്ധജലവിതരണ പദ്ധതി പണി ആരംഭഘട്ടത്തിലാണ്. ജലസേചനത്തിന്റെ ഭാഗമായി പുളിമാത്ത് പഞ്ചായത്തിലെ കൊടുവനൂർ, ഏലാതോടിന്റെ അറ്റകുറ്റപണികൾ നടത്തിയിട്ടുണ്ട്.

(ബി) ഇടവനക്കോണം പദ്ധതിക്ക് 20.50 ലക്ഷം രൂപ ചെലവായിട്ടുണ്ട്. കക്കാട് വലിയകുന്ന് പദ്ധതി ആരംഭഘട്ടത്തിലാണ്. ജലസേചനജോലിക്കായി 11,96,000 രൂപ ചെലവായി.

(സി) കിളിമാനൂർ സമഗ്ര ശുദ്ധജലവിതരണ പദ്ധതിയുടെ പണി നടന്നുവരുന്നു. പഴയകുന്നിൻമേൽ, കിളിമാനൂർ, മടവൂർ എന്നീ വില്ലേജുകളിലെ ജനങ്ങൾക്ക് പൂർണ്ണമായും ശുദ്ധജലവിതരണം സാദ്ധ്യമാകുന്ന സമഗ്ര സംയോജിത ശുദ്ധജലവിതരണ പദ്ധതിയാണിത്. ഈ പദ്ധതിയുടെ മതിപ്പ് ചെലവ് 322 ലക്ഷം രൂപയായി കണക്കാക്കിയിരിക്കുന്നു. പഞ്ചായത്തുകളാണ് ഇതിനാവശ്യമായ സ്ഥലം നൽകുന്നത്. സ്ഥലം ലഭ്യമാകാൻ വന്ന കാലതാമസമാണ് പദ്ധതി ആരംഭിക്കുവാൻ കാലതാമസം നേരിട്ടത്. ഇപ്പോൾ ഈ പദ്ധതി എൻജിനീയറിംഗ്, പ്രൊക്യൂർമെന്റ് കൺസ്ട്രക്ഷൻ ആന്റ് മാനേജ്മെന്റ് (ഇ.പി.സി.എം) എന്ന ആധുനിക രീതിയിലുള്ള കോൺട്രാക്ട് സമ്പ്രദായം മുഖേന നടപ്പിലാക്കുവാൻ വേണ്ടി ദർഘാസ് ക്ഷണിച്ചിട്ടുണ്ട്. ഈ നിയോജകമണ്ഡലത്തിൽ അംപൂർണ്ണമായി കിടക്കുന്ന ജലസേചന പദ്ധതികൾ ഒന്നുംതന്നെയില്ല.

(ഡി) സമഗ്ര സംയോജിത ശുദ്ധജലവിതരണ പദ്ധതിക്ക് 127.5 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

(ഇ) 2003-ൽ കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

ജലസേചനവകുപ്പിൽനിന്നും പഞ്ചായത്ത് വകുപ്പിലേക്കുള്ള പുനർവിന്യാസം

50 (275) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലസേചനവകുപ്പിൽനിന്നും പഞ്ചായത്ത് വകുപ്പിലേക്കുള്ള പുനർവിന്യാസത്തിന്റെ നടപടിക്രമങ്ങൾ ഏതുവരെയായി ; പുനർവിന്യാസം എന്നുമുതലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(ബി) വിവിധ തസ്തികകളിൽപ്പെട്ട എത്ര ജീവനക്കാരെയാണ് ഇറിഗേഷൻ വകുപ്പിൽ നിന്നും പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിക്കുന്നത് ;

(സി) ജലസേചനവകുപ്പിലുള്ള ജീവനക്കാരെ പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇറിഗേഷൻ വകുപ്പിൽനിന്നും പഞ്ചായത്ത് വകുപ്പിലേക്ക് ജീവനക്കാരെ പുനർവിന്യസിക്കുമ്പോൾ ഓപ്ഷൻ നല്കിയ പഞ്ചായത്തുകളിൽ തന്നെ നിയമനം നല്കുമോ ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ഇ) ഓപ്ഷൻ നല്കാത്ത ജീവനക്കാരുടെ കാര്യത്തിൽ എന്ത് തീരുമാനമാണ് കൈക്കൊള്ളുന്നത് ;

(എഫ്) ജില്ലാതല നിയമനം ലഭിച്ച് 5 വർഷം പൂർത്തിയാകാത്ത ജീവനക്കാർ മറ്റ് ജില്ലകളിലേക്ക് നല്കിയ ഓപ്ഷൻ പരിഗണിക്കുമോ ;

(ജി) പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിക്കപ്പെടുന്ന ജീവനക്കാർക്ക് ശമ്പളം നല്കുന്നത് ഏത് ഓഫീസിൽ നിന്നാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ജലസേചനവകുപ്പിൽനിന്നും പഞ്ചായത്തിലേക്കുള്ള പുനർവിന്യാസത്തിന്റെ നടപടി തുടർന്നുവരുന്നു. 05-02-2001-ലെ സർക്കാർ ഉത്തരവ് (എം.എസ്) 11/2001/ജല.വ പ്രകാരം ജലസേചനവകുപ്പിൽനിന്നും 1857 ജീവനക്കാരെ പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യസിക്കുവാൻ ഉത്തരവായിട്ടുണ്ട്. പുനർവിന്യാസം ഉടൻതന്നെ നടപ്പിൽ വരുത്തുന്നതാണ്.

(ബി) ഇറിഗേഷൻ വകുപ്പിൽനിന്നും പഞ്ചായത്ത് വകുപ്പിലേക്ക് പുനർവിന്യാസം വഴി നിയമിക്കാൻ ഉത്തരവായ വിവിധ തസ്തികകളിൽപ്പെട്ട ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു :—

1.	ചീഫ് എൻജിനീയർ	–	1
2.	സൂപ്രണ്ടിംഗ് എൻജിനീയർ	–	4
3.	എക്സിക്യൂട്ടീവ് എൻജിനീയർ	–	16
4.	അസിസ്റ്റന്റ് എക്സ്.എൻജിനീയർ	–	86
5.	അസിസ്റ്റന്റ് എൻജിനീയർ	–	210
6.	ഒന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ	–	250
7.	രണ്ടാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ	–	250
8.	മൂന്നാം ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ	–	640
9.	യു.ഡി. ക്ലാർക്ക്	–	150
10.	എൽ.ഡി. ക്ലാർക്ക്	–	150
11.	പ്യൂൺ	–	100
	ആകെ		1857

(സി) ഓരോ കാറ്റഗറിയിലേയും ജീവനക്കാർക്ക് ഓപ്ഷൻ നല്കാനുള്ള അവസരം നല്കുകയും ഓപ്ഷൻ തികയാത്ത തസ്തികകളിൽ ഏറ്റവും ജൂനിയർ ആയ ആളുകളെ നിയമിക്കുകയും ചെയ്യുക എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പഞ്ചായത്തുകളിൽ നിയമനം നല്കുമ്പോൾ നിലവിലുള്ള ഒഴിവുകളുടെ അടിസ്ഥാനത്തിൽ ഓപ്ഷൻ നല്കിയവരുടെ കാര്യങ്ങൾ സർക്കാർ പരിഗണിക്കുന്നതാണ്.

(ഇ) ഓപ്ഷൻ നല്കിയവരില്ലെങ്കിൽ ആ തസ്തികയിൽ ഏറ്റവും ജൂനിയർ ആയവരെ നിയമിക്കുന്നതാണ്.

(എഫ്) ജില്ലാതല നിയമനം ലഭിച്ച 5 വർഷം തികയാത്ത ഓപ്ഷൻ നല്കിയവരുടെ കാര്യത്തിലും ഏറ്റവും ജൂനിയർ ആയവരെ നിയമിക്കുന്ന കാര്യത്തിലും അവരുടെ ഡി.ആർ.സി. ജില്ലയിലെ തന്നെ ഒഴിവുകളിൽ മാത്രമേ നിയമനം നല്കുകയുള്ളൂ.

(ജി) പഞ്ചായത്തിലേക്ക് പുനർവിന്യസിക്കുന്ന ജീവനക്കാരുടെ ശമ്പളം അവർ ജോലി നോക്കിയ അതേ ഓഫീസിൽനിന്നോ അതിനടുത്തുള്ള മറ്റ് ഇറിഗേഷൻ ഓഫീസിൽനിന്നോ നല്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ജലസേചനവകുപ്പിലെ ഒഴിവുകൾ

51 (276) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജലസേചനവകുപ്പിലെ അസിസ്റ്റന്റ് എൻജിനീയർ (സിവിൽ) തസ്തികയിലേക്കുള്ള കേരള പി.എസ്.സി. തയ്യാറാക്കി 31-12-1998-ൽ നിലവിൽ വന്ന റാങ്ക്ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേരെ നിയമിച്ചു ;

(ബി) ഇപ്പോൾ നിലവിൽ എത്ര അസിസ്റ്റന്റ് എൻജിനീയർമാരുടെ ഒഴിവുണ്ട് ;

(സി) ഈ ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പായി എത്രപേർക്ക് കൂടി നിയമനം നല്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ;

(ഡി) സംസ്ഥാന ജലസേചനവകുപ്പിൽ നിർദ്ദിഷ്ട യോഗ്യതയുള്ള വകുപ്പ് ജീവനക്കാരിൽനിന്നും അസിസ്റ്റന്റ് എൻജിനീയർ തസ്തികയിലേക്ക് നിയമനം നടത്തിയിട്ട് എത്ര വർഷമായി ; ഈ കോട്ടയിൽ എത്ര ഒഴിവുകളുണ്ട് ;

(ഇ) ഇതിലേക്ക് 1995-96-ൽ പി.എസ്.സി അപേക്ഷ ക്ഷണിച്ചുവെങ്കിലും പരീക്ഷ നടത്തിയത് ഇക്കഴിഞ്ഞ ജനുവരിയിലാണെന്നുള്ളത് ഗവ: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവക്കുള്ള നിയമനം എന്ന് നടക്കുമെന്ന് വ്യക്തമാക്കുമോ ;

(എഫ്) നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 184 പേരെ നിയമിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly